# India-US 2+2 Intersessional Dialogue

September 02, 2021

---

**ഇന്ത്യ-യു എസ് 2+2 ഇന്ററർസെഷനൽ സംവാദം**

സെപ്റ്റംബർ 02, 2021

2021 സെപ്റ്റംബർ 1 നു വാഷിംഗ്ടൺ DC യിൽ വച്ച ഇന്ത്യയും യുണൈറ്റഡ് സ്റ്റേയ്റ്റ്സും തമ്മിൽ ഔദ്യോഗിക തലത്തിലുള്ള 2 + 2 ഇന്ററർസെഷനൽ സമ്മേളനം നടക്കും. 2020 ഒക്ടോബറിൽ നടന്ന കഴിഞ്ഞ 2 +2 മന്ത്രിതല സംഭാഷണങ്ങളുടെ പുരോഗതി അവർ അവലോകനം ചെയ്യുകയും ഈ വർഷം അവസാനം നടക്കാനിടയുള്ള സംഭാഷണത്തിനായുള്ള തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്യുന്നതാണ്.വിദേശകാര്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി (അമേരിക്ക) മിസ്റ്റർ വാണി റാവു, പ്രതിരോധ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി (അന്താരാഷ്ട്ര സഹകരണം) ശ്രീ സോമനാഥ് ഘോഷ് എന്നിവർ സംയുക്തമായാണ് ഇന്ത്യൻ പ്രതിനിധി സംഘത്തെയും ഇൻഡോ-പസഫിക് അഫയേഴ്സ് ഡിഫൻസ് അസിസ്റ്റന്റ് സെക്രട്ടറി ഡോ. എയ്‌ലി രട്നർ, സൗത്ത് ആൻഡ് സെൻട്രൽ ഏഷ്യൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിൽ പ്രിൻസിസ്പാൽ ഡെപ്യൂട്ടി അസിസ്റ്റന്റ് സെക്രട്ടറി ഓഫ് സ്റ്റെയ്റ്റ് ഇർവിൻ മസ്സിങ എന്നിവർ ചേർന്ന് യുഎസ് പ്രതിനിധി സംഘത്തെയും നയിച്ചു.

പ്രതിരോധം, ആഗോള പൊതുജനാരോഗ്യം, സാമ്പത്തിക-വാണിജ്യ സഹകരണം, ശാസ്ത്ര സാങ്കേതിക വിദ്യ, ശുദ്ധമായ ഊർജ്ജം, കാലാവസ്ഥാ ധനകാര്യം, വ്യക്തിഗത ബന്ധനങ്ങൾ എന്നിവയുൾപ്പെടെ ഇന്ത്യ-യുഎസ് നയതന്ത്ര പങ്കാളിത്തത്തിന് കീഴിലുള്ള ഉഭയകക്ഷി അജണ്ടയിലെ പുരോഗതിയും സംഭവവികാസങ്ങളും ഇരുവിഭാഗവും വിലയിരുത്തി. പരസ്പര താൽപ്പര്യങ്ങളെ അടിസ്ഥാനമാക്കി ഈ മേഖലകളിൽ തുടർച്ചയായ സഹകരണം വർദ്ധിപ്പിക്കുന്നതിന് അവർ അവസരങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തു . ബഹിരാകാശം സൈബർ സുരക്ഷ, വളർന്നുവരുന്ന സാങ്കേതികവിദ്യകൾ തുടങ്ങിയ സമകാലിക മേഖലകളിലെ സഹകരണവും ചർച്ച വിധേയമായി

ദക്ഷിണേഷ്യ, ഇന്തോ-പസഫിക് മേഖല, പടിഞ്ഞാറൻ ഇന്ത്യൻ മഹാസമുദ്രം എന്നിവയിലെ സമീപകാല സംഭവവികാസങ്ങളെക്കുറിച്ചുള്ള വിലയിരുത്തലുകൾ കൈമാറാൻ ഉദ്യോഗസ്ഥർക്ക് അവസരം ലഭിച്ചു കൂടാതെ സമാധാനം, സുസ്ഥിരത, സമൃദ്ധി, സ്വതന്ത്രവും തുറന്നതും

സമഗ്രവുമായ ഇൻഡോ-പസഫിക് മേഖല എന്നിവയ്ക്കായി അവരവരുടെ പങ്കാളിത്ത കാഴ്ചപ്പാപാടുകൾ നൽകുകയും ചെയ്തു ഭീകരവിരുദ്ധത, എച്ച്എഡിആർ, സമുദ്ര സുരക്ഷ എന്നീ മേഖലകളിൽ സഹകരണം മെച്ചപ്പെടുത്താനുള്ള സാധ്യതയും അവർ പരിഗണിക്കപ്പെട്ടു

ഈ വർഷം അവസാനത്തിൽ നടത്താനിരിക്കുന്ന 2+ 2 മന്ത്രിതല സംഭാഷണങ്ങളിൽ ഈ ചർച്ചകൾ വീണ്ടും തുടരുന്നതിനായി ഇരു കൂട്ടരും അനുകൂലിക്കുകയും ചെയ്തു.

**വാഷിംഗ്ടൺ ഡിസി**

**സെപ്റ്റംബർ 02, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.